(ഡി) 57 മത്സ്യഗ്രാമങ്ങളിലായി കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം എന്നീ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

കുടിവെള്ള വിതരണം (57 എണ്ണം)	-	51.39 കോടി രൂപ
വൈദ്യുതീകരണം (57 എണ്ണം)	-	23.03 കോടി രൂപ
സാനിട്ടേഷൻ (20 പബ്ലിക് ടോയ്ലറ്റുകൾ 3525 വ്യക്തിഗത ടോയ്ലറ്റുകൾ)	-	11.58 കോടി രൂപ
ലൈബ്രറി സഹായം (32 എണ്ണം)	-	8.99 കോടി രൂപ
ഹൈമാസ്റ്റ് ലൈറ്റുകൾ (104 എണ്ണം)	-	7.79 കോടി രൂപ
ജീവനോപാധി സഹായം (1 മത്സ്യമാർക്കറ്റ് 1862 വള്ളവും വലയും)	-	8.90 കോടി രൂപ

പൊഴിക്കര-ലക്ഷ്മീപുരം തോപ്പ് തീരദേശ റോഡ് നവീകരണം

126 (131) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പൊഴിക്കര-ലക്ഷ്മീപുരം തോപ്പ് തീരദേശ റോഡ് സഞ്ചാര യോഗ്യമല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സുഗമമായ ഗതാഗതത്തിന് നിലവിൽ എന്തൊക്കെ ബുദ്ധിമുട്ടുകളാണുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റോഡിലെ മെറ്റലിംഗും ടാറിംഗും പൂർത്തീകരിക്കുന്നതിലേക്ക് എത്ര രൂപയുടെ അനുമതി എന്ന് ലഭിച്ചുവെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത റോഡ് നവീകരണം പൂർത്തീകരിക്കുവാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;അവശേഷിക്കുന്ന ജോലികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. പൊഴിക്കര-ലക്ഷ്മിപുരം തോപ്പ് തീരദേശ റോഡിൽ ഉൾപ്പെട്ട

(1) മുക്കം പൊഴി മുതൽ ലക്ഷ്മിപുരം തോപ്പ് വരെയുള്ള റോഡിന്റെ നിർമ്മാണം ടാറിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്.

(2) പൊഴിക്കര മുതൽ മുക്കം പൊഴി വരെയുള്ള റോഡിന്റെ ടാറിംഗിനായി 3 തവണ ദർഘാസ് ക്ഷണിച്ചുവെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ ടി പ്രവൃത്തി ഒരിക്കൽകൂടി ടെണ്ടർ ചെയ്യുകയും ടി ദർഘാസിൽ ഒരാൾ പങ്കെടുക്കുകയും ചെയ്തു. പ്രസ്തുത ദർഘാസ് സർക്കാരിന്റെ പരിഗണനയിലാണ്. ആയതിന് അംഗീകാരം നൽകുന്ന മുറയ്ക്ക് കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ഏർപ്പാടാക്കി ടി റോഡും സഞ്ചാര യോഗ്യമാക്കുന്നതാണ്.

(ബി) പൊഴിക്കര മുതൽ മുക്കം പൊഴി വരെയുള്ള റോഡിന് 57.70 ലക്ഷം രൂപ 27-11-2013-ൽ അനുവദിച്ചിട്ടുണ്ട്.

(സി) 1. പൊഴിക്കര ലക്ഷ്മിപുരം തോപ്പ് തീരദേശ റോഡിൽ ഉൾപ്പെട്ട മുക്കംപൊഴി മുതൽ ലക്ഷ്മിപുരം തോപ്പ് വരെയുള്ള റോഡിന്റെ നവീകരണ പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിച്ചിട്ടുള്ളതാണ്.

2. പൊഴിക്കര മുതൽ മുക്കം പൊഴി വരെയുള്ള റോഡിന്റെ നവീകരണ പ്രവൃത്തിക്കുവേണ്ടി മൂന്നുതവണ ദർഘാസ് ക്ഷണിച്ചുവെങ്കിലും ആരും തന്നെ ടെണ്ടറിൽ പങ്കെടുത്തില്ല. ടി സാഹചര്യത്തിൽ ടി പ്രവൃത്തി ഒരിക്കൽകൂടി ദർഘാസ് നടത്തിയപ്പോൾ ആയതിൽ ഒരാൾ പങ്കെടുക്കുകയും ഉയർന്ന നിരക്കായതിനാൽ അംഗീകാരം നൽകുന്നതിനുള്ള ദർഘാസ് സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) പൊഴിക്കര ലക്ഷ്മിപുരം തോപ്പ് റോഡ് സഞ്ചാര യോഗ്യമാക്കുന്നതിനുള്ള എല്ലാ നടപടികളും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

പൊഴിക്കര-ലക്ഷ്മിപുരം തോപ്പ് റോഡിൽ റെഗുലേറ്റർ കം ബ്രിഡ്ജ്

127 (132) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പൊഴിക്കര-ലക്ഷ്മിപുരം തോപ്പ് റോഡിൽ റോഡ് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തതും വർഷകാലത്ത് റോഡ് തകർന്ന് കടലും കായലും ഒന്നായി തീരുകയും ചെയ്യുന്ന ഭാഗത്ത് ഒരു റെഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly